ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ, പി.ഒ, തിരുവനന്തപുരം പിൻ– 695035
Ph:0471-2302490 Fax:0471-2303025/2303080
**Email:** dhskerala@gmail.com **/Website:** www.dhs.kerala.gov.in

**ഇ.സി.1/70924/2020**/ആ.വ.ഡ തീയതി: 13.02.2023

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം– ആ.വ.ഡ – വിജിലൻസ് – പാലക്കാട് ജില്ലയിലെ ആനക്കട്ടി കുടുംബാരോഗ്യ കേന്ദ്രത്തിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ്–1 ആയ ശ്രീ.ഗിരീഷ്.ജി.യുടെ അനധികൃതാവധിയുമായി ബന്ധപ്പെട്ട അച്ചടക്ക നടപടി – സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് – സംബന്ധിച്ച്.

പരാമർശം– 1) കത്ത് നം.എ 6/1927/2020/ജി.മെ.ആ, പാലക്കാട്, തീയതി 26.08.2020
2) 21.01.2021 തീയതിയിലെ ഇ.സി.1/70924/2020/ആ.വ.ഡ നമ്പർ കുറ്റാരോപണ മെമ്മോ
3) കത്ത് നം.എ 6/1927/2020/ജി.മെ.ആ, പാലക്കാട്, തീയതി 18.06.2021
4) കത്ത് നം.എ 6/1927/2020/ജി.മെ.ആ, പാലക്കാട്, തീയതി 07.10.2021
5) ഉത്തരവ് നമ്പർ ഇ.സി.1/70924/2020/ആ.വ.ഡ തീയതി 20.12.2021
6) കത്ത് നമ്പർ 261/2019/എം.ഒ, കുടുംബാരോഗ്യ കേന്ദ്രം, ആനക്കട്ടി, തീയതി 12.01.2022
7) കത്ത് നമ്പർ ഇ.സി.1/70924/2020/ആ.വ.ഡ തീയതി 4.03.2022
8) 19.03.2022 തീയതിയിൽ നിശ്ചയിച്ച ഔപചാരികാന്വേഷണത്തിന്റെ ഭാഗമായി സമർപ്പിച്ച റിപ്പോർട്ട്.

പാലക്കാട് ജില്ലയിലെ ആനക്കട്ടി കുടുംബാരോഗ്യ കേന്ദ്രത്തിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ്–1 തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ.ഗിരീഷ്.ജി., 01.05.2020 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകുന്നില്ലെന്നും തുടർ നടപടി സ്വീകരിക്കണമെന്നും പരാമർശം (1) പ്രകാരം പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ആയതിനാൽ പരാമർശം (2) പ്രകാരം , 1960-ലെ കെ.സി.എസ് (സി.സി.&എ) ചട്ടം 15 അനുസരിച്ച് താങ്കൾക്ക് കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി. പരാമർശം (3) പ്രകാരം, പ്രസ്തുത കുറ്റാരോപണ മെമ്മോയുടെ കൈപ്പറ്റ് പകർപ്പും താങ്കളുടെ പ്രതിവാദ പത്രികയും ജില്ലാ മെഡിക്കൽ ഓഫീസർ ഈ കാര്യാലയത്തിലേയ്ക്ക് ലഭ്യമാക്കുകയുണ്ടായി.

24.07.2019 തീയതിയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ്– I തസ്തികയിൽ പാലക്കാട് ആനക്കട്ടി കുടുംബാരോഗ്യ കേന്ദ്രത്തിൽ ജോലിയിൽ പ്രവേശിച്ചുവെങ്കിലും , ടി സമയം വരെ ശമ്പളം മാറി നൽകിയിട്ടില്ലെന്നും, സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുകയാണെന്നും, അതിന് മുൻപ് ആറ് വർഷം ഇടുക്കി ജില്ലയിലാണ് ജോലി ചെയ്തിരുന്നതെന്നും, പ്രായമായ

മാതാപിതാക്കളെ നോക്കുന്നതിനായി ഒന്നുങ്കിൽ സ്വദേശമായ പത്തനംതിട്ട ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം അനുവദിയ്ക്കണമെന്നും അല്ലെങ്കിൽ അഞ്ചു വർഷത്തെ ശൂന്യവേതനാവധി നൽകണമെന്നും താങ്കൾ പ്രതിവാദ പത്രികയിലൂടെ അറിയിക്കുകയുണ്ടായി. അഞ്ച് വർഷത്തെ ശൂന്യവേതനാവധിയ്ക്കുള്ള അപേക്ഷ 2019 ഫെബ്രുവരിയിൽ നൽകിയിട്ടുണ്ടെന്നും താങ്കൾ സൂചിപ്പിക്കുകയുണ്ടായി.

താങ്കൾ നൽകിയ മറുപടി തൃപ്തികരമല്ലെന്നും, പ്രതിവാദ പത്രികയിൽ പറഞ്ഞിട്ടുള്ളത് അംഗീകരിക്കാനാവില്ലെന്നും ജില്ലാ മെഡിക്കൽ ഓഫീസർ താങ്കളുടെ പ്രതിവാദ പത്രികയിന്മേൽ അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി. താങ്കളുടെ പ്രതിവാദപത്രികയിന്മേൽ വിശദമായ റിപ്പോർട്ട് പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറോട് തേടുകയുണ്ടായി. പരാമർശം (4) പ്രകാരം പ്രസ്തുത റിപ്പോർട്ട് ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കുകയുണ്ടായി.

ഇടുക്കി ജില്ലയിലെ പെരുവന്താനം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ്- II തസ്തികയിൽ ജോലി ചെയ്തു വരവേ, ലാബ് ടെക്നീഷ്യൻ ഗ്രേഡ്- I തസ്തികയിലേയ്ക്ക് സ്ഥാനകയറ്റം ലഭിച്ചാണ് 24.07.2019 തീയതിയിൽ താങ്കൾ ആനക്കട്ടി കുടുംബാരോഗ്യ കേന്ദ്രത്തിൽ ജോലിയിൽ പ്രവേശിച്ചതെന്നും, പെരുവന്താനം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്ന് താങ്കളുടെ അന്തിമ വേതന പത്രികയും (എൽ.പി.സി) മറ്റ് അനുബന്ധ രേഖകളും ടി ആരോഗ്യ കേന്ദ്രത്തിൽ കൃത്യ സമയത്ത് ലഭിക്കാത്തതിനാലാണ് ശമ്പളം മാറി നൽകാൻ കഴിയാതിരുന്നതെന്നും, ആയത് ലഭിച്ച ശേഷം 2020 ഫെബ്രുവരി മുതൽ 2020 ഏപ്രിൽ വരെയുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മാറി നൽകിയിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി. 2019 ആഗസ്റ്റ് മുതൽ 2020 ജനുവരി വരെയുള്ള താങ്കളുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അടിയന്തിരമായി മാറി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, ആനക്കട്ടി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഉണ്ടായിരുന്ന ക്ലാർക്ക് സ്ഥലം മാറിപ്പോയതും , പുതിയ ക്ലാർക്ക് ചാർജ് എടുത്തപ്പോൾ കൃത്യമായി ചാർജ് നൽകാത്തതും കാരണമാണ് ടി കാലതാമസം ഉണ്ടായതെന്നും അറിയിക്കുകയുണ്ടായി.

താങ്കൾ അനധികൃതാവധിയിലല്ലെന്നും 2019 ഫെബ്രുവരിയിൽ അഞ്ചു വർഷത്തെ ശൂന്യവേതനാവധിയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നുമാണ് പ്രതിവാദ പത്രികയിൽ അറിയിച്ചത്. എന്നാൽ താങ്കൾ 24.07.2019 തീയതിയിൽ ആണ് പാലക്കാട് ജില്ലയിൽ ജോലിയിൽ പ്രവേശിച്ചതെന്നും, അതായത് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ അത് സ്ഥാനകയറ്റം ലഭിയ്ക്കുന്നതിന് മുൻപ് ജോലി ചെയ്തിരുന്ന, ഇടുക്കി പെരുവന്താനം പി.എച്ച്.സി യിൽ ആകാമെന്നും, എന്നാൽ സ്ഥാനകയറ്റം ലഭിച്ചപ്പോൾ അവധി സംബന്ധിച്ച് സൂചിപ്പിക്കാതെ താങ്കൾ പുതിയ തസ്തികയിൽ പുതിയ സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കുകയും ജോലിയിൽ തുടരുകയും ചെയ്തിരുന്നതായും മെഡിക്കൽ ഓഫീസർ അറിയിക്കുകയുണ്ടായി.

പ്രതിവാദ പത്രിക തൃപ്തികരമല്ലാത്തതിനാൽ, 1960-ലെ കെ.സി.എസ് (സി.സി.&എ) ചട്ടം 15 പ്രകാരം ഔപചാരികാന്വേഷണം നടത്തുന്നതിന് തീരുമാനിക്കുകയും, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) നെ അന്വേഷണ ഉദ്യോഗസ്ഥനായി, പരാമർശം (5) പ്രകാരം നിയമിക്കുകയും ചെയ്തു.

പരാമർശം (6) പ്രകാരം, 2019 ആഗസ്റ്റ് മാസം മുതൽ 2020 ജനുവരി വരെ താങ്കൾക്ക് നിയമാനുസൃതമായി നൽകേണ്ടുന്ന ശമ്പളം മാറി നൽകിയതായി ആനക്കട്ടി കുടുംബാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ആഫീസർ അറിയിക്കുകയുണ്ടായി.

ചട്ടം 15 പ്രകാരമുള്ള ഔപചാരികാന്വേഷണം 19.03.2022 തീയതിയിൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ വച്ച് നടത്തുന്നതിന് തീരുമാനിക്കുകയും, പരാമർശം (7) പ്രകാരം, ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന താങ്കൾക്ക് അറിയിപ്പ് നൽകുകയുമുണ്ടായി. എന്നാൽ താങ്കളുടെ മേൽ വിലാസത്തിലുള്ള വീട് പൂട്ടിയിട്ടിരിക്കുകയാണെന്ന് കാണിച്ച് പ്രസ്തുത കത്ത് തിരികെ ലഭിച്ചതായി ജില്ലാ മെഡിക്കൽ ആഫീസർ അറിയിക്കുകയുണ്ടായി. ഔപചാരികാന്വേഷണത്തിന് താങ്കൾ ഹാജരാകാത്തതിനാൽ ഏകപക്ഷീയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയുണ്ടായി. പരാമർശം (8) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ ഔപചാരികാന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും, അഡീഷണൽ ഡയറക്ടർ (എ&റ്റി) ആയത് അംഗീകരിക്കുകയുമുണ്ടായി.

ഇടുക്കി ജില്ലയിൽ ജോലി ചെയ്ത് വരവേ സ്ഥാനകയറ്റം ലഭിച്ചതിന്റെ ഫലമായാണ് താങ്കൾക്ക് പാലക്കാട് ജില്ലയിൽ നിയമനം നൽകിയത്. സ്വന്തം ജില്ലയായ പത്തനംതിട്ടയിലേയ്ക്ക് സ്ഥലം മാറ്റത്തിന് ശ്രമിക്കുന്നതിന് പകരം അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നത് ന്യായീകരിക്കാവുന്നതല്ല. ലാബ് ടെക്നീഷ്യൻ ഗ്രേഡ്-I തസ്തിക സംസ്ഥാനാടിസ്ഥാനത്തിലായതിനാൽ നിലവിലെ മാനദണ്ഡങ്ങൾക്കനുസരിച്ച് ഒഴിവുള്ള ജില്ലയിൽ നിയമനം നൽകിയതിന്റെ ഭാഗമായാണ് പാലക്കാട് ആനക്കട്ടി കുടുംബാരോഗ്യ കേന്ദ്രത്തിൽ നിയമനം നൽകിയത് എന്ന് അനുമാനിക്കാം. പ്രസ്തുത നിയമനം മാനദണ്ഡം പാലിച്ചല്ല നടന്നിട്ടുള്ളതെങ്കിൽ താങ്കൾക്ക് ഉചിതമാർഗ്ഗേന അപ്പീൽ സമർപ്പിക്കുവാനും അർഹതയുണ്ട്. എന്നാൽ താങ്കൾ ആയത് ചെയ്തിട്ടില്ല. ആയതിന് അനധികൃതാവധി പരിഹാരവുമല്ല. ആനക്കട്ടി കുടുംബാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം താങ്കൾ ടി സ്ഥാപനത്തിൽ ശൂന്യവേതനാവധി അപേക്ഷ സമർപ്പിച്ചിട്ടില്ല. താങ്കൾ മുൻപ് ജോലി ചെയ്തിരുന്ന ഇടുക്കി പെരുവന്താനം പ്രാഥമികാരോഗ്യ കേന്ദ്രം മുഖേന ശൂന്യവേതനാവധി സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ടോ എന്ന് അന്വേഷിക്കേണ്ട ചുമതല താങ്കൾക്ക് തന്നെയാണ്.

അനധികൃതാവധിയിൽ തുടരുന്ന താങ്കൾ , നിലവിലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് നിശ്ചിത മാതൃകയിലുള്ള ബോണ്ടും ബന്ധപ്പെട്ട രേഖകളും പുന: പ്രവേശനത്തിനായി നാളിതുവരെ സമർപ്പിച്ചിട്ടുമില്ല.

മേൽ സാഹചര്യത്തിൽ താങ്കളെ അടിയന്തിര പ്രാബല്യം വരത്തക്ക രീതിയിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് ഭരണഘടനയുടെ ആർട്ടിക്കിൾ 311(2)(ബി), 1960–ലെ കെ.സി.എസ് (സി.സി.&എ) ചട്ടം 18(2) എന്നിവ പ്രകാരം താൽക്കാലിക തീരുമാനമെടുത്തിരിക്കുകയാണ്. ആയതിനാൽ ഈ വിഷയത്തിൽ താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുള്ള പക്ഷം, ഈ കാരണം കാണിക്കൽ നോട്ടീസ് ലഭിച്ച് ഏഴ് ദിവസത്തിനകം ചുവടെ ഒപ്പ് വച്ചിരിക്കുന്ന ഉദ്യോഗസ്ഥൻ മുമ്പാകെ നേരിട്ട് ഹാജരായി രേഖാമൂലം ബോധിപ്പിക്കേണ്ടതാണ് . അല്ലാത്ത പക്ഷം താങ്കൾക്ക് ഇതിന്മേൽ ഒന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതാണ്. (ഔപചാരികാന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.)

13/2/23

ഡോ.റീന.കെ.ജെ
അഡീഷണൽ ഡയറക്ടർ (എ&റ്റി)

**സ്വീകർത്താവ് :–** ശ്രീ.ഗിരീഷ്.ജി
ലാബ് ടെക്നീഷ്യൻ ഗ്രേഡ്– I
കുടുംബാരോഗ്യ കേന്ദ്രം, ആനക്കട്ടി, പാലക്കാട്.
(ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട്.
മുഖേന – ഔപചാരികാന്വേഷണ റിപ്പോർട്ട് സഹിതം)

പകർപ്പ് – 1) ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട്.
(മൂന്ന് പകർപ്പ് അയയ്ക്കുന്നു. ഇതിൽ രണ്ട് പകർപ്പ് ശ്രീ.ഗിരീഷ്.ജി –യ്ക്ക് നൽകി അതിൽ ഒരു പകർപ്പിൽ ടിയാന്റെ തീയതിയോട് കൂടിയ ഒപ്പ് രേഖപ്പെടുത്തി വാങ്ങി ലഭ്യമാക്കേണ്ടതാണ്.)
2) മെഡിക്കൽ ഓഫീസർ ഇൻചാർജ്ജ്
കുടുംബാരോഗ്യ കേന്ദ്രം, ആനക്കട്ടി, പാലക്കാട് ജില്ല.
3) വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് (www.dhs.kerala.gov.in)
4) ഫയൽ / കരുതൽ ഫയൽ

s.v.

പാലക്കാട് ആനക്കട്ടി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-1 ശ്രീ.ഗിരീഷ് ജി- യുടെ അനധികൃതാവധിയുമായി ബന്ധപ്പെട്ട -അച്ചടക്കനടപടി ഏകപക്ഷീയ അന്വേഷണ - റിപ്പോർട്ട്.

| | |
|---|---|
| അന്വേഷണ ഉദ്യോഗസ്ഥൻ | .ഡോ. മുരളീധരൻപിള്ള സി.<br>ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ<br>(വിജിലൻസ്) |
| അന്വേഷണ തീയതികൾ . | 19-03-2022 |
| അന്വേഷണത്തിൽ പങ്കെടുക്കേണ്ടിയിരുന്ന ഉദ്യോഗസ്ഥൻ | ശ്രീ.ഗിരീഷ് ജി<br>ലാബ് ടെക്നീഷ്യൻ |

**അന്വേഷണത്തിന് ആധാരമായ വിഷയം**

ആനക്കട്ടി കുടുംബാരോഗ്യ കേന്ദ്രത്തിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-1 ശ്രീ.ഗിരീഷ് ജി 01-05-2020 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നതായും അച്ചടക്കനടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസർ സമർപ്പിച്ച റിപ്പോർട്ട്.

ശ്രീ.ഗിരീഷ് ജി, . ലാബ് ടെക്നീഷ്യന്റെ അനധികൃതാവധിയുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസർ സമർപ്പിച്ച നിശ്ചിത പ്രൊഫോർമയിലുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 21-02-2021 -ൽ കുറ്റാരോപണ മെമ്മോ നല്കി ടിയാനെതിരെ അച്ചടക്കനടപടി ആരംഭിക്കുകയുണ്ടായി. പ്രസ്തുത കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൻ സമർപ്പിച്ച പ്രതിവാദപത്രികയിൽ ശമ്പളം യഥാസമയം മാറി നല്കാത്തതിനാൽ സാമ്പത്തിക ബുദ്ധിമുട്ട്മൂലം ആനക്കട്ടിയിൽ എത്താൻ കഴിയില്ലെന്നും , ആറ് വർഷത്തിലധികമായി ഇടുക്കി ജില്ലയിൽ ജോലി ചെയ്തുവരുന്നുവെന്നും വൃദ്ധരായ മാതാപിതാക്കളെ പരിചരിക്കുവാൻ സ്വദേശമായ പത്തനംതിട്ട ജില്ലയിൽ സ്ഥലം മാറ്റം അനുവദിക്കുകയോ ചെയ്യണമെന്നും ടിയാൻ ആവശ്യപ്പെട്ടിരുന്നു. മാത്രമല്ല 2019 ഫെബ്രുവരി മാസത്തിൽ അഞ്ചുവർഷത്തെ ശൂന്യവേതനാവധി അപേക്ഷ നല്കിയിട്ടുള്ളതിനാൽ താൻ അനധികൃതാവധി അല്ലെന്നും സൂചിപ്പിച്ചിരുക്കുന്നു.

അനധികൃതാവധിക്ക് കാരണമായി ടിയാൻ പ്രതിപാദിച്ചിട്ടുളള വിഷയങ്ങൾ തൃപ്തികരമോ അംഗീകരിക്കാവുന്നതോ അല്ല. ആയതിനാൽ 1960 ലെ കെ.സി.എസ് ചട്ടം (15) പ്രകാരം ഔപചാരികാന്വേഷണം നടത്തുന്നതിന് തീരുമാനിക്കുകയുണ്ടായി. പ്രസ്തുത അന്വേഷണം 19-03-2022-ന് ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) -ന്റെ ചേമ്പറിൽ വച്ച് നടത്തുന്നതിന് തീരുമാനിക്കുകയും വിവരം സ്ഥാപനമേധാവി മുഖേന ടിയാനെ അറിയിക്കുവാൻ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ പ്രസ്തുത അറിയിപ്പ് ടിയാന്റെ ലഭ്യമായിട്ടുളള വിലാസത്തിൽ 07-03-2022 -ന് രജിസ്റ്റേർഡ് തപാൽ ആയി ആനക്കട്ടി മെഡിക്കൽ ആഫീസർ ഇൻ-ചാർജ്ജ് അയച്ചുനല്കിയെങ്കിലും ടിയാന്റെ മേൽവിലാസത്തിലുളള വീട് പൂട്ടിയിട്ടിരിക്കുകയാണ് എന്ന് കാണിച്ച് തപാൽ വകുപ്പ് 25-03-2022 -ന് കത്ത് മടക്കി നല്കുകയായിരുന്നു.

മേൽ സാഹചര്യത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ ഏകപക്ഷീയമായ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ നിർബന്ധിതനായി.

**<u>കണ്ടെത്തലുകൾ</u>**

1. ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 തസ്തികയിൽ നിന്നും പ്രമോഷൻ ലഭിച്ച് ഗ്രേഡ്-1 ആയതിന്റെ ഭാഗമായാണ് ശ്രീ.ഗിരീഷ്. ജി യെ പാലക്കാട് ആനക്കട്ടി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിയമനം നല്കിയത്.
2. 24-07-2019 -ൽ ആനക്കട്ടി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജോലിയിൽ പ്രവേശിച്ച ടിയാൻ 01-05-2020 മുതൽ അനധികൃതാവധിയിലാണ്.
3. സ്ഥലംമാറ്റം ലഭിച്ച് ആനക്കട്ടി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.ഗിരീഷ് ജി യുടെ എൽ.പി സി ഉൾപ്പടെ ബന്ധപ്പെട്ട രേഖകൾ ലഭ്യമാകുവാൻ കാലതാമസം ഉണ്ടായതാണ് ടിയാന് ശമ്പളം യഥാസമയം മാറി നല്കുവാൻ കഴിയാതിരുന്നത്. 2019 ആഗസ്റ്റ് മുതൽ 2020 ജനുവരി മാസം വരെയുളള ശമ്പളം പൂർണ്ണമായും മാറി നല്കിയിട്ടുണ്ട്.
4. ഇടുക്കി ജില്ലയിൽ നിന്നും പ്രമോഷൻ നേടിയതിന്റെ ഭാഗമായാണ് ടിയാന് പാലക്കാട് നിയമനം നല്കിയിട്ടുളളത്. സ്വന്തം ജില്ലയായ പത്തനംതിട്ടയിലേക്ക് സ്ഥലംമാറ്റത്തിന് ശ്രമിക്കുന്നതിന് പകരം

അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനില്ക്കുന്നത് ന്യായീകരിക്കാവുന്നതല്ല.

5. ഗ്രേഡ്-1 തസ്തിക സംസ്ഥാനാടിസ്ഥാനത്തിലായതിനാൽ നിലവിലെ മാനദണ്ഡങ്ങൾക്കനുസരിച്ച് ഒഴിവുള്ള ജില്ലയിൽ നിയമനം നല്കിയതിന്റെ ഭാഗമായാണ് പാലക്കാട് ആനക്കട്ടിയിൽ നിയമനം നല്കിയത് എന്ന് അനുമാനിക്കാം . പ്രസ്തുത നിയമനം മാനദണ്ഡം പാലിച്ചല്ല നടന്നിട്ടുള്ളതെങ്കിൽ ടിയാന് ഉചിതമാർഗ്ഗേന അപ്പീൽ സമർപ്പിക്കുവാൻ അർഹതയുണ്ട്. ആയതിന് അനധികൃതാവധി പരിഹാരമല്ല.

6. 24-07-2019 -ൽ ആനക്കട്ടി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജോലിയിൽ പ്രവേശിച്ച ടിയാൻ 2019 ഫെബ്രുവരിയിൽ അഞ്ചു വർഷത്തേയ്ക്ക് ശൂന്യവേതനാവധി അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി പറയുന്നു. ആനക്കട്ടി മെഡിക്കൽ ആഫീസറുടെ റിപ്പോർട്ട് പ്രകാരം ടി സ്ഥാപനത്തിൽ ശൂന്യവേതനാവധി അപേക്ഷ സമർപ്പിച്ചിട്ടില്ല.

മുൻപ് ടിയാൻ ജോലി ചെയ്തിരുന്ന ഇടുക്കി പെരുവന്താനം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ശൂന്യവേതനാവധി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് അനുവദിച്ച് ഉത്തരവ് നല്കിയിട്ടുണ്ടോ എന്ന അന്വേഷിക്കേണ്ട ചുമതല അപേക്ഷകനാണ്.

<u>ശുപാർശ</u>

അനധികൃതാവധിയിൽ തുടരുന്ന ശ്രീ.ഗിരീഷ് -ജി ലാബ് ടെക്നീഷ്യൻ ഗ്രേഡ്-1 നിലവിലെ സർക്കാർ ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് നിശ്ചിതമാതൃകയിലുള്ള ബോണ്ടും ബന്ധപ്പെട്ട രേഖകളും ഹാജരാക്കുന്നപക്ഷം സർക്കാർ അനുമതിയോടുകൂടി അച്ചടക്കനടപടിക്ക് വിധേയമായി ടിയാനെ ജോലിയിൽ പുന.പ്രവേശിപ്പിക്കാവുന്നുതാണ്.

**ഡോ. മുരളീധരൻപിള്ള സി.**
**ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ**
**(വിജിലൻസ്)**

**ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (എ & റ്റി)യുടെ അംഗീകാരത്തിനായി**